**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്-നഗരസഭ ജീവനക്കാര്യം - കൊച്ചി കോർപ്പറേഷൻ സെക്രട്ടറി ശ്രീ വിനയൻ കെ.പി -പരിവർത്തിതാവധി അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ (സാധാ) നം. 677/2019/തസ്വഭവ    തിരുവനന്തപുരം,തീയതി, 21/03/2019

==========================================================================

പരാമർശം:- 1. കൊച്ചി കോർപ്പറേഷൻ സെക്രട്ടറി ശ്രീ വിനയൻ കെ.പി 25.02.2019, 11.03.19 എന്നീ തീയതികളിൽ സമർപ്പിച്ച അവധി അപേക്ഷകൾ.

2. നഗരകാര്യ ഡയറക്ടറുടെ 27.02.2019-ലെ ഇ.2-1580/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം കൊച്ചി കോർപ്പറേഷൻ സെക്രട്ടറി ശ്രീ കെ.പി വിനയന് വാതരക്തം എന്ന അസുഖത്തെത്തുടർന്ന് ചികിത്സയ്ക്കും വിശ്രമത്തിനുമായി 25.02.2019 മുതൽ 10.03.2019 വരെ 14 ദിവസത്തേയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരിവർത്തിതാവധി അനുവദിക്കുന്നതിലേയ്ക്ക് സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി കോർപ്പറേഷൻ സെക്രട്ടറി ശ്രീ കെ.പി വിനയന് 25.02.2019 മുതൽ 10.03.2019 വരെ 14 ദിവസത്തേയ്ക്ക് റൂൾ 84 പാർട്ട്-I കെ.എസ്.ആർ പ്രകാരം പരിവർത്തിതാവധി അനുവദിച്ച് ഉത്തരവാകുന്നു.

അവധി അനുവദിക്കുന്നതിന് ലഭ്യമാക്കിയിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകളും രക്ത പരിശോധനാ റിപ്പോർട്ടും അപേക്ഷകന്റെ ആരോഗ്യനില സംബന്ധിച്ചും രോഗവിവരങ്ങൾ സംബന്ധിച്ചും സംശയമുണ്ടാകുന്നുവെന്ന കാരണത്താൽ മെഡിക്കൽ ബോർഡിന്റെ പരിഗണനയ്ക്ക് വിടുന്നതിന് തീരുമാനിച്ചു. മെഡിക്കൽ ബോർഡ് കൂടുന്നത് സംബന്ധിച്ച് പ്രത്യേകമായി ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും.

11.03.2019 തീയതിയിലെ അവധി അപേക്ഷ പ്രകാരമുള്ള അവധി മെഡിക്കൽ ബോർഡിന്റെ തീരുമാനത്തിനു വിധേയമായി മാത്രമേ പരിഗണിക്കുകയുള്ളൂ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എസ് മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) തൃശ്ശൂർ

സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം

ശ്രീ കെ.പി വിനയൻ കോർപ്പറേഷൻ സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ